# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4513 — 21/3/2018-ൽ മറുപടിക്ക്

## പകർച്ചവ്യാധികളുടെ വ്യാപനം തടയുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി. ഉണ്ണി** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | രൂക്ഷമായ വേനൽക്കാലത്ത് പടർന്നുപിടിക്കവാൻ സാധ്യതയുള്ള പകർച്ചവ്യാധികളുടെ വ്യാപനം തടയുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുവാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ; | എ) | രൂക്ഷമായ വേനൽക്കാലത്ത് പടർന്ന് പിടിക്കാൻ സാദ്ധ്യതയുള്ളത് ഡെങ്കിപ്പനി, വൈറൽപനി, വയറിളക്കരോഗങ്ങളുമാണ്. ആയതിന്റെ വ്യാപനം തടയുന്നതിനായി ആരോഗ്യ ജാഗ്രത 'പ്രതിദിനം പ്രതിരോധം' ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| ബി) | അതിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | ബി) | ആരോഗ്യജാഗ്രത എന്ന പരിപാടി വഴി സമയബന്ധിതമായി നടത്തേണ്ടുന്ന പ്രതിരോധ പ്രവർത്തനങ്ങളും, വിവിധ വകുപ്പുകളുമായി നടത്തേണ്ടുന്ന ട്രെയിനിംഗുകളും, പ്രവർത്തനമാർഗ്ഗ രേഖകളും ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. |
| സി) | ഏത് അടിയന്തര സാഹചര്യവും നേരിടുന്നതിനായി പി.എച്ച്.സി കളിൽ മുഴുവൻ സമയ അടിയന്തര വൈദ്യസഹായം ഉറപ്പു വരുത്തുന്നതിനായി ബന്ധപ്പെട്ടവർക്ക് നിർദ്ദേശങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ? | സി) | കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മുതൽ മുകളിലേയ്ക്കുള്ള സ്ഥാപനങ്ങളിൽ മുഴുവൻ സമയ അടിയന്തര വൈദ്യസഹായം ഉറപ്പ് വരുത്തുന്നതിനുള്ള മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ പ്രതിരോധ പ്രവർത്തനങ്ങളിലൂന്നി നില-കൊള്ളുന്ന സ്ഥാപനങ്ങളാണ്. ഇവയിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടതും കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തപ്പെട്ടതുമായ സ്ഥാപനങ്ങളിൽ വൈകുന്നേരം 6 മണി വരെ വൈദ്യസഹായം ഉറപ്പ് വരുത്തിയിട്ടുണ്ട്. പെട്ടെന്നുണ്ടാകുന്ന അടിയന്തര സാഹചര്യങ്ങളിൽ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ ഉൾപ്പെടെ അടിയന്തര വൈദ്യസഹായം നൽകുന്നതിന് ആരോഗ്യവകുപ്പ് സജ്ജമാണ്. |

**സെക്ഷൻ ഓഫീസർ**